**QP CODE**
**B2018**

**Enrollment Number: ..................**
**Name: .....................................**

**MA DEGREE EXAMINATIONS, APRIL 2025**
**First Semester**
**M.A. Malayalam Language and Literature**
**M21ML02DC- ആധുനിക - സമകാല കവിതാസാഹിത്യം**
**(2024 July Admissions)**

**Time: 3 Hours** **Max Marks: 70**

## സെക്ഷൻ എ

**ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം**

1. അരികു വൽക്കരിക്കപ്പെട്ടവരുടെ ജീവിതം വെഷക്കായ എന്ന കവിതയിൽ തെളിയുന്നത് എങ്ങനെ?
2. 'അകലത്തുള്ളോരും ഒഴിഞ്ഞു മാറുന്നു"- കാരണമെന്ത്?
3. "പാടം നീന്തി വരുന്ന പൗർണമി
   നിനക്കാവട്ടെ ഗീതാഞ്ജലി " -സൂചിതമെന്ത്?
4. ചുടുകാട്ടിൽ കാത്തു കാത്തു കിടന്നതാര്? കാരണമെന്ത് ?
5. രമണന്റെ ആത്മഹത്യയ്ക്കുണ്ടായ കാരണം എന്ത്?
6. "ചെറുകണികയും ഇല്ലാതായിക്കഴിഞ്ഞു "എന്തിന്റെ? വ്യക്തമാക്കുക.
7. കാല്പനികതയുടെ പൊതുസ്വഭാവങ്ങൾ എന്തെല്ലാം?
8. കുരുക്ഷേത്രം എന്ന തലക്കെട്ടിന്റെ ഔചിത്യം പരിശോധിക്കുക.

**(2X5=10)**

## സെക്ഷൻ ബി

**ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം**

9. "തിങ്ങിപ്പൊങ്ങും തമസ്സിൽ കടലിൽ ഒരു കുടം പോലെ ഭൂചക്രവാളം"- ചമത്ക്കാരഭംഗി കണ്ടെത്തുക.
10. മഴയുടെ ഭാവങ്ങൾ കവയത്രി പകർത്തിയിരിക്കുന്നത് എങ്ങനെ?

11. ദിവാകരനെ കണ്ട ഉത്സാഹത്തിൽ നളിനി മനസ്സ് തുറക്കുന്നത് എങ്ങനെ?
12. ജീവിതയാത്രയുടെ ക്ലേശങ്ങളെ ജി. ശങ്കരക്കുറുപ്പ് അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ?
13. കന്നിപ്പാടം ജീവിതത്തിന്റെ പ്രദർശനശാലയായി കരുതുന്നത് എന്തുകൊണ്ട്?
14. "ചാവിന്നു ബന്ധുത്വം ഏറുമല്ലോ ചാവാതിരിക്കുമ്പോൾ എന്തുമാട്ടെ " സന്ദർഭവും സാരസ്യവും വിശദമാക്കുക.
15. കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകളുടെ പൊതുസ്വഭാവം ചാർവാകൻ എന്ന കവിതയെ മുൻനിർത്തി വിശദീകരിക്കുക.
16. എസ് ജോസഫിന്റെ ചന്ദ്രനോട് ഒപ്പം എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.
17. യാഥാർത്ഥ്യം അറിയുന്ന ബുദ്ധന്റെ ക്രോധത്തെ സച്ചിദാനന്ദൻ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ?
18. ശിഷ്യനും മകനും എന്ന കവിതയിൽ ഒരു സാധാരണ കുടുംബ കലഹം ആയി പുരാണകഥ മാറുന്നത് എങ്ങനെ?

**(5X6=30)**

## സെക്ഷൻ സി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം**

19. ആശാന്റെയും വള്ളത്തോളിന്റെയും കവിതകൾക്ക് മലയാള കവിതാസാഹിത്യ ചരിത്രത്തിലുള്ള സ്ഥാനം വ്യക്തമാക്കി ഉപന്യാസം തയ്യാറാക്കുക.
20. വൈലോപ്പിള്ളിയുടെ ജീവിതദർശനം കന്നിക്കൊയ്ത്ത് എന്ന കവിതയിൽ പ്രകടം ആകുന്നതെങ്ങനെ? ഉപന്യസിക്കുക.
21. മലയാളത്തിലെ ആധുനിക കവിതകളുടെ പൊതുസവിശേഷതകൾ കുരുക്ഷേത്രം, സത്യവാങ്മൂലം, സംക്രമണം എന്നീ കവിതകളെ മുൻനിർത്തി വിശദമാക്കുക.
22. മലയാള കവിതയിലെ സ്ത്രീസ്വത്വാവിഷ്കാരം പാഠഭാഗത്തെ കവിതകളെ മുൻനിർത്തി വിശകലനം ചെയ്യുക.

**(15X2=30)**